**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3929** **17-03-2025 - ൽ മറുപടിയ്ക്ക്**

**മുതുകുളം, ചെറുതന സി.എച്ച്.സി.കളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബഡ്ജറ്റിൽ 20% പ്രൊവിഷൻ വകയിരുത്തിയ ഹരിപ്പാട് മണ്ഡലത്തിലെ മുതുകുളം, ചെറുതന സി.എച്ച്.സി.കളുടെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | മുതുകുളം സി.എച്ച്.സി.യിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഐ.പി. കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകാരത്തിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കുകയും ആയതിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വ്യക്തത വരുത്തുന്നതിനായി തിരികെ നൽകിയിട്ടുമുണ്ട്. ചെറുതന സി.എച്ച്.സി. യിൽ പുതിയ കെട്ടിടനിർമ്മാണത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | മുതുകുളം സി.എച്ച്.സി.യുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിലേക്ക് ഫോർവേർഡ് ചെയ്യാത്തതിന്റെ കാരണം അറിയിക്കാമോ; | (ബി) | മുതുകുളം സി.എച്ച്.സി.യിലെ കെട്ടിട നിർമ്മാണത്തിനുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറിൽ നിന്നു ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കുന്നതിന് വകുപ്പിൽ എന്തെങ്കിലും ക്രമീകരണമോ, സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | മുതുകുളം സി.എച്ച്.സി.യിലെ കെട്ടിട നിർമ്മാണത്തിനുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ചെറുതന സി.എച്ച്.സി. യിൽ പുതിയ കെട്ടിടനിർമ്മാണത്തിനുള്ള അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | മുതുകുളം, ചെറുതന സി.എച്ച്.സി.കളുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | ഉത്തരം സി പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ